**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 549** **13-01-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ജോൺ ഫെർണാണ്ടസ്** | | **Shri E. P. Jayarajan**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കൊച്ചി മുതൽ ബാംഗ്ലൂർ വരെ വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഹൈടെക്ക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനുമുള്ള പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കാമോ; | (എ) | കൊച്ചി-ബാംഗ്ലൂർ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. കിൻഫ്രയും വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള National Industrial Corridor Development & Implementation Trust (NICDIT) ചേർന്ന് സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA), NICDIT യും കിൻഫ്രയും തമ്മിലുള്ള Share Holders Agreement (SHA) ഒക്ടോബർ 22, 2020 ന് ഒപ്പ് വച്ചു. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50% ഉം NICDIT യുടെ 50% ഉം പങ്കാളിത്തമുള്ള ഒരു Special Pupose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസെസ്സ്മെന്റ് പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ NICDIT ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് പഠനം നടന്നു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് SPV രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു.പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ I വില്ലേജിൽ 600 ഏക്കറും, ഒഴലപ്പതി വില്ലേജിൽ 250 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും കണ്ടെത്തിയിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ എല്ലാം തന്നെ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായ 'ഗിഫ്റ്റ് സിറ്റി' ക്കായി ആലുവ വില്ലേജിലെ അയ്യമ്പുഴയിൽ 501 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. പാലക്കാട് നോഡിൽ ഉൾപ്പെട്ട ഭൂമിയും കൊച്ചി ഗിഫ്റ്റ് |

| | | | |
|---|---|---|---|
| | | | സിറ്റിയുടെ ഭാഗമായി കണ്ടെത്തിയ ഭൂമിയും ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | എന്തെല്ലാം നടപടികളാണ് ആയതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കേണ്ടതായിട്ടുള്ള നടപടികൾ എന്തെന്നും വ്യക്തമാക്കാമോ; | (ബി) | കൊച്ചി-ബാംഗ്ലൂർ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. കിൻഫ്രയും വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള National Industrial Corridor Development & Implementation Trust (NICDIT) ചേർന്ന് സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT യും കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA), NICDIT യും കിൻഫ്രയും തമ്മിലുള്ള Share Holders Agreement (SHA) ഒക്ടോബർ 22, 2020 ന് ഒപ്പു വച്ചു. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50% ഉം NICDIT യുടെ 50% ഉം പങ്കാളിത്തമുള്ള ഒരു Special Pupose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയുടെ മാർക്കറ്റ് ഡിമാന്റ് അസെസ്സ്മെന്റ് പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ NICDIT ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട് പഠനം നടന്നു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് SPV രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു.പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര വില്ലേജിൽ 470 ഏക്കറും പുതുശ്ശേരി സെൻട്രൽ I വില്ലേജിൽ 600 ഏക്കറും, ഒഴലപ്പതി വില്ലേജിൽ 250 ഏക്കറും പുതുശ്ശേരി സെൻട്രൽ II വില്ലേജിൽ 501 ഏക്കറും കണ്ടെത്തിയിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥലങ്ങളിൽ എല്ലാം തന്നെ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായ 'ഗിഫ്റ്റ് സിറ്റി' ക്കായി ആലുവ വില്ലേജിലെ അയ്യമ്പുഴയിൽ 501 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. പാലക്കാട് നോഡിൽ ഉൾപ്പെട്ട ഭൂമിയും കൊച്ചി ഗിഫ്റ്റ് സിറ്റിയുടെ ഭാഗമായി കണ്ടെത്തിയ ഭൂമിയും ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ഭൂമി കൈമാറി 24 മാസത്തിനുള്ളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് പദ്ധതി പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. |
| (ഡി) | അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഗിഫ്റ്റ് സിറ്റി ഈ പദ്ധതിയുടെ ഭാഗമാണോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത് | (ഡി) | അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 'ഗിഫ്റ്റ് സിറ്റി' ഈ പദ്ധതിയുടെ Early Bird Project ആണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് 'ഗിഫ്റ്റ് സിറ്റി' (Global Industrial |

| | | | |
|---|---|---|---|
| | നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | | Finance and Trade City (GIFT CITY). അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, ഐ.ടി കോംപ്ലക്സുകൾ. പാർപ്പിട സമുച്ചയങ്ങൾ, കൺവെൻഷൻ സെന്ററുകൾ വ്യവസായ ടൗൺഷിപ്പ് എന്നിവ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണ് ഗിഫ്റ്റ് സിറ്റി. വികസിപ്പിച്ച റോഡുകൾ, ടൗൺഷിപ്പ്, മാലിന്യ സംസ്കരണം, സീവേജ് ട്രീറ്റ്മെന്റ് സംവിധാനം, വൈദ്യുതി വിതരണം, ജലവിതരണം ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മെഗാ ടൗൺഷിപ്പ് എന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവഴി പദ്ധതി യാഥാർത്ഥ്യമാവുമ്പോൾ 3000 കോടി രൂപയുടെ നിക്ഷേപവും 10000 ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും 20000 ഓളം പരോക്ഷമായ തൊഴിലവസരങ്ങളും 5 വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗിഫ്റ്റ് സിറ്റിക്കായി ആലുവ വില്ലേജിലെ 501 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ